ആലപ്പുഴ ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

172 [2652] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകൾ ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഹജ്ജ് ജോലിക്കുള്ള അപേക്ഷകർ

173 [2659] ശ്രീ. കെ. പി. മോഹനൻ:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ലെ ഹജ്ജ് ജോലിക്ക് ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ വിധത്തിൽ അപേക്ഷ ക്ഷണിക്കാറുണ്ടോ;

(സി) ഓരോ ജില്ലകളിലും മെഡിക്കൽ ഓഫീസർമാരും പാരാമെഡിക്കൽ ഓഫീസർമാരുമായി എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-ലെ ഹജ്ജിനോടനുബന്ധിച്ച് ഹജ്ജ് ജോലിക്ക് താഴെ പറയുന്ന വിഭാഗങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്:

1. സംസ്ഥാന സർക്കാർ ജീവനക്കാരിൽനിന്നും ഹജ്ജ് വോളണ്ടിയർമാരായി സേവനമനുഷ്ഠിക്കാൻ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. 500 ഹാജിമാർക്ക് ഒരാൾ വീതം എന്ന രീതിയിലാണ് വോളണ്ടിയർമാരെ അയയ്ക്കാറുള്ളത്. അപേക്ഷ കിട്ടേണ്ട അവസാന തീയതി 31-7-2003 ആണ്.

LIBRARY ARCHIVES Kerala Legislative Assembly